"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല – പിണറായി ഗ്രാമപഞ്ചായത്ത് - പിണറായി കൺവെൻഷൻ സെന്റർ നിർമ്മാണം - അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൾ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ അധിക ധനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.244/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/01/2021

പരാമർശം:- 1 30.12.2020 ലെ സ.ഉ.(സാധാ) നം. 7634/2020/ധന. നമ്പർ ഉത്തരവ്

2 പഞ്ചായത്ത് ഡയറക്ടറുടെ 09/01/2021 ലെ PAN/21464/2018-J5(DP) നമ്പർ കത്ത്.

ഉത്തരവ്

പിണറായി ഗ്രാമപഞ്ചായത്തിൽ നിർമ്മാണത്തിലിരിക്കുന്ന കൺവെൻഷൻ സെന്ററിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ 1,20,36,421 രൂപയുടെ 20% തുകയായ 24,07,284/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൾ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുന്നതിന് പരാമർശം 1 ലെ ഉത്തരവ് പ്രകാരം അധിക ധനവിനിയോഗ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക മാറി നൽകുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ടി ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ അനുവദിച്ച തുക മാറി നൽകുന്നത് സംബന്ധിച്ച് വിശദമായ സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടുത്ത പാർട്ട് ബിൽ നൽകുന്നതിനു മുൻപായി മൊബിലൈസേഷൻ അഡ്വാൻസായി അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ പിണറായി കൺവെൻഷൻ സെന്ററിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മൊബിലൈസേഷൻ അഡ്വാൻസായി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൾ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക്പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 24,07,284/- (ഇരുപത്തിനാല് ലക്ഷത്തി ഏഴായിരത്തി ഇരുനൂറ്റി എൺപത്തി നാല് രൂപ മാത്രം) രൂപ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**അഡിഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (vide U.O.No.NC-C3/20/2019-FIN(1222943) )

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

S. Bindu

സെക്ഷൻ ഓഫീസർ